ഭരണഭാഷ മാതൃഭാഷ

E-mail:doktm.psc@kerala.gov.in

Website :- www.keralapsc.gov.in
Telephone: 0481 2578278

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,**

**ജില്ലാ ആഫീസ്, കോട്ടയം.**

നമ്പർ:KVII(2)739846/2023(24)

കോട്ടയം
16.08.2023

പ്രേഷകൻ

ജില്ലാ ആഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ആഫീസ്, കോട്ടയം.

സ്വീകർത്താവ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം-695023

സർ,

വിഷയം: - നിയമന പരിശോധനാ തീയതി അറിയിക്കുന്നതു സംബന്ധിച്ച്

സൂചന: - 1. ഗവ.ഉത്തരവ് നമ്പർ 41/2010/ഉ.ഭ.പ.വ. തീയതി 14.12.2010
2.താങ്കളുടെ 21.06.2023 തീയതിയിലെ ED1/37869/19/ഡി.ടി.ഇ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിയമന പരിശോധനയ്ക്കായി, താങ്കളുടെ ആഫീസിൽ നിന്നും സൂചന (2) പ്രകാരം അറിയിച്ച താഴെപ്പറയുന്ന ഉദ്യോഗസ്ഥരുടെ സർവ്വീസ് ക്രമവൽക്കരിക്കുന്നതിനു മുന്നോടിയായുള്ള നിയമന പരിശോധന, ടിയാളുടെ പേരിനു നേർക്ക് സൂചിപ്പിച്ചിരിക്കുന്ന തീയതിയിലും സമയത്തും നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

നിയമന പരിശോധനയ്ക്കായി മുട്ടമ്പലത്തുള്ള കോട്ടയം ജില്ലാ പി.എസ്.സി ഓഫീസിൽ ഹാജരാകണമെന്ന നിർദ്ദേശത്തോടെ ടി ഉദ്യോഗസ്ഥരെ **വിട്ടുതൽ ചെയ്ത് അയക്കേണ്ടതാണ്. റിലീവിംഗ് ഓർഡർ, നിയമന ഉത്തരവ്, നിയമന ശിപാർശാ മെമ്മോ, എസ്.എസ്.എൽ.സി ബുക്ക്, ആധാർ കാർഡ്, ഉദ്യോഗസ്ഥരെ ID card** എന്നിവ സഹിതം നേരിട്ട് ഹാജരാകുവാൻ നിർദ്ദേശം നൽകേണ്ടതാണ്.

**ഉദ്യോഗസ്ഥരെ നിയമനപരിശോധനയ്ക്ക് മുമ്പായി തങ്ങളുടെ ആധാർ കാർഡ് നിർബന്ധമായും പ്രൊഫൈലിൽ ലിങ്ക് ചെയ്യേണ്ടതാണ്.**

| ക്രമ നമ്പർ | ഉദ്യോഗസ്ഥരുടെ പേര് | തസ്തിക | വെരിഫിക്കേഷൻ തീയതിയും സമയവും |
|---|---|---|---|
| 1 | ANITHA KUMARI P S | LD CLERK | **24.08.2023 1.30 PM** |

ഉദ്യോഗസ്ഥർ താൻ ഉൾപ്പെട്ടിരിക്കുന്ന **റാങ്ക് ലിസ്റ്റിന്റെ നമ്പർ, റാങ്ക് നമ്പർ എന്നിവയും, നിയമന ശിപാർശയുടെ നമ്പരും, തീയതിയും, നിയമനം റിസർവേഷൻ ടേണിലാണോ അല്ലയോ എന്നതും, നിയമന ഉത്തരവ് നമ്പരും, തീയതിയും, നിയമനാധികാരിയുടെ പേരും, പദവിയും, ജോലിയിൽ പ്രവേശിച്ച തീയതിയും** വെരിഫിക്കേഷൻ നടക്കുന്ന ദിവസം ഈ ആഫീസിൽ നിന്നും നൽകുന്ന പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതാണ്. മേൽ വിവരം ഉദ്യോഗസ്ഥർക്കുള്ള നിർദ്ദേശത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

Identification Certificate **ഉള്ള ഉദ്യോഗസ്ഥർ**(ANITHA KUMARI P S) **നിയമന പരിശോധനയ്ക്ക് ഹാജരാകുമ്പോൾ** 08.07.2019 **തീയതിയിലെ** GO(MS) No.133/2019/GAD **ഉത്തരവ് പ്രകാരം സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിനുള്ള**

ഫീസിനത്തിൽ "0051-PSC-800-state PSC-99-other receipts" എന്ന ശീർഷകത്തിൽ 210/- രൂപ ട്രഷറിയിൽ അടച്ച് അസ്സൽ ചെലാൻ കൂടി ഹാജരാക്കണമെന്ന് ഉദ്യോഗസ്ഥയ്ക്ക് നിർദ്ദേശം നൽകേണ്ടതാണ്_

"പ്രമാണങ്ങൾ അയച്ചു തരുന്നത് കർശനമായും നിയമന ശിപാർശാ ക്രമത്തിലാകണം. ആകയാൽ ക്രമം തെറ്റിച്ച് നിയമന പരിശോധന നടത്തുന്നത് മൂലം ഉണ്ടാകുന്ന അനന്തര പ്രശ്നങ്ങളുടെ (സീനിയോരിറ്റി/കോടതി വ്യവഹാരം മുതലായവ) പൂർണ ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പിനായിരിക്കും"

നിയമന പരിശോധനക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥർ സർക്കാർ നിർദേശിച്ച കോവിഡ്-19 നിർവ്യാപന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.(നിർബന്ധമായും മുഖാവരണം ധരിക്കേണ്ടതാണ്)

മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്ക് നിയമന പരിശോധന തീയതി സംബന്ധിച്ച് ഈ ആഫീസിൽ നിന്നും വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല. നിയമന പരിശോധന സംബന്ധിച്ച്, വ്യക്തിഗത അറിയിപ്പ് ഉദ്യോഗസ്ഥർക്ക് താങ്കളുടെ ഓഫീസിൽ നിന്നും നൽകേണ്ടതാണ്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമനാധികാരിയുമായി മാത്രമേ കത്തിടപാടുകളോ, മറ്റ് വിനിമയമോ ഉണ്ടായിരിക്കുകയുള്ളു.

വിശ്വസ്തതയോടെ,

Sd/-
ജില്ലാ ആഫീസർക്കുവേണ്ടി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, കോട്ടയം